പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1451 — 03.10.2016 ൽ മറുപടിക്ക്

## ജീവനക്കാരുടെ ഒഴിവുകൾ

| ചോദ്യം<br>ശ്രീമതി യു. പ്രതിഭ ഹരി | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കായംകുളം മണ്ഡലത്തിലെ താലൂക്കാശുപത്രി, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ ഡോക്ടർമാർ അടക്കമുള്ള ജീവനക്കാരുടെ ഒഴിവുകൾ ഏതെല്ലാം സ്ഥലങ്ങളിലും ഏതെല്ലാം തസ്തികകളിലുമാണെന്ന് വിശദമാക്കാമോ; ഒഴിവുള്ള കേന്ദ്രങ്ങളിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) | കായംകുളം മണ്ഡലത്തിലെ താലൂക്കാശുപത്രി, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളായ ചെട്ടികുളങ്ങര, ഭരണിക്കാവ്, കൃഷ്ണപുരം, ദേവികുളങ്ങര, പത്തിയൂർ, കണ്ടല്ലൂർ ഉടങ്ങിയ 7 സ്ഥാപനങ്ങളിലും ഡോക്ടർമാരുടെ ഒഴിവുകൾ യാതൊന്നും ഇല്ല.<br><br>ഭരണിക്കാവിൽ ഒരു ക്ലാർക്കിന്റെ ഒഴിവ് പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>പ്രാഥമികാരോഗ്യകേന്ദ്രം പത്തിയൂരിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2-ന്റെ ഒരു ഒഴിവും കണ്ടല്ലൂർ പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ഹെൽത്ത് ഇൻസ്പെക്ടറുടെ ഒരു ഒഴിവും, പ്രാഥമികാരോഗ്യകേന്ദ്രം ചെട്ടികുളങ്ങരയിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് ഗ്രേഡ്-1 ന്റെ ഒരു ഒഴിവും കായംകുളം താലൂക്ക് ആശുപത്രിയിൽ ഹെഡ് നഴ്സിന്റെ 2 ഒഴിവും ആണ് ഉള്ളത്. മേൽ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ